**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**

**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**

**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂലൈ 08 തിങ്കൾ**

# ഹൗസിങ് ബോർഡ് അദാലത്ത് വഴി പരമാവധി ആനുകൂല്യം- മന്ത്രി ഇ.ചന്ദ്രശേഖരൻ

ആലപ്പുഴ: സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വായ്പ കുടിശിക പിരിക്കുന്നതിന് നടപ്പാക്കുന്ന അദാലത്ത് വഴി തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് സാധ്യമായ ആനുകൂല്യങ്ങൾ നൽകി കടം വീട്ടാനും ഭൂരേഖകൾ തിരിച്ചു ലഭ്യമാക്കാനും വലിയ ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് റവന്യൂ-ഭവന നിർമാണ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ പറഞ്ഞു. ആലപ്പുഴ ജില്ല പഞ്ചായത്ത് ഹാളിൽ ഭവന വായ്പ കുടിശിക നിവാരണ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പ്രവർത്തന കാലയളവിൽ ഏഴു ലക്ഷത്തോളം വീടുകളാണ് നിർമ്മിച്ച് നൽകിയത്. ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഭവന വായ്പ നൽകിയ ഇനത്തിൽ 214 കോടി രൂപ കേരളത്തിൽ നിന്ന് ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട്. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ വായ്പ എടുത്തവരുടെ സാമ്പത്തികാവസ്ഥ വിലയിരുത്തിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. അദാലത്തിൽ പരമാവധി അനുകൂല തീരുമാനം എടുക്കും. തീർപ്പായ കേസുകളിൽ മൂന്നുമാസത്തിനകം കുടിശിക തിരിച്ചടക്കാനാണ് അവസരം നൽകുക. ഇത് മൂന്നുഘട്ടമായും അടയ്ക്കാമെന്ന് മന്ത്രി പറഞ്ഞു. ആലപ്പുഴയിൽ മാത്രം 114 പേർ തിരിച്ചടയ്ക്കാത്തവരായുണ്ട്. 556.63 ലക്ഷം രൂപ കുടിശിക ജില്ലയിലുണ്ട്. പിഴയും പിഴപ്പലിശയും പരമാവധി വെട്ടിച്ചുരിക്കി എല്ലാവർക്കും അടച്ചുതീർക്കാനുള്ള അവസരമാണ് സർക്കാർ നൽകുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഭവന നിർമ്മാണ ബോർഡ് ചെയർമാൻ പി.പ്രസാദ് ആധ്യക്ഷ്യം വഹിച്ച ചടങ്ങിൽ ജില്ല കളക്ടർ അദീല അബ്ദുള്ള, നഗരസഭ ചെയർമാൻ തോമസ് ജോസഫ്, കൗൺസിലർ എ.എം.നൗഫൽ, ഡപ്യൂട്ടി ചീഫ് എൻജിനീയർ റാണി. പി.എൻ, ഡപ്യൂട്ടി കളക്ടർ എ.ഷിബു എന്നിവർ സംസാരിച്ചു.

**(ചിത്രമുണ്ട്)**

# നെഹ്റു ട്രോഫി പന്തൽ നിർമാണം തുടങ്ങി

ആലപ്പുഴ: അറുപത്തി എഴാമത് നെഹ്റുട്രോഫി വള്ളംകളിക്ക് മുന്നോടിയായുള്ള

പന്തലിന്റെ കാൽനാട്ടുകർമം പുന്നമട ഫിനിഷിങ് പോയിന്റിൽ എൻ.റ്റി.ബി.ആർ. സൊസൈറ്റി ചെയർപേഴ്സണും ജില്ലാ കളക്ടറുമായ ഡോ.അദീല അബ്ദുള്ള നിർവഹിച്ചു. ഇന്നലെ രാവിലെ 11.30 ന് നടന്ന ചടങ്ങിൽ നാട്ടുകാരും ഉദ്യോഗസ്ഥരും വിവിധ സബ്കമ്മറ്റി പ്രതിനിധികളുമടക്കമുള്ളവർ സന്നിഹിതരായി. ആഗസ്റ്റ് 10 ന് നടക്കുന്ന മത്സരത്തിൽ ബോട്ട് ഉടമകളും വിവിധ ക്ലബ്ബുകളും കുട്ടനാട്ടുകാരും അകമഴിഞ്ഞ് സഹകരിക്കണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. സൊസൈറ്റി സെക്രട്ടറിയായ സബ്കളക്ടർ വി.ആർ.കൃഷ്ണതേജ, ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റി കൺവീനറും ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറുമായ കെ.പി.ഹരൺബാബു, എസ്.എം. ഇക്ബാൽ, മുക്കം ബേബി, ജോസ് കാവനാട്, മാത്യു ചെറുപറമ്പൻ, സണ്ണി മുടന്താഞ്ജലി, ജോണി മുക്കം, എ.വി. മുരളി, പി. രാജു, ടോമിച്ചൻ ആന്റണി, ബേബി കുമാരൻ, സേവ്യർ ടി. കുര്യാളശ്ശേരി, പി.ഡി.ജോസഫ് എന്നിവർ സന്നിഹിതരായി.

(ചിത്രമുണ്ട്)

# <u>അംഗപരിമിതരുടെ ക്ഷേമം : അപേക്ഷ ക്ഷണിച്ചു</u>

ആലപ്പുഴ: അംഗപരിമിതരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് അംഗപരിമിതരുടെ ജില്ലാതല പുനരധിവാസ കേന്ദ്രത്തിന്റെ നിർവ്വഹണം ഏറ്റെടുക്കുന്നതിന് സന്നദ്ധരായിട്ടുള്ള സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ തുടങ്ങിയവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ജൂലൈ 15 വൈകിട്ട് നാലിനകം ജില്ല സാമുഹ്യനിതി ഓഫീസിൽ ലഭിക്കണം. കൂടുതൽ വിവരത്തിന് ഫോൺ: 0477-2253870.

# സ്വയം തൊഴിൽ വായ്പ : വനിതകൾക്ക് അപേക്ഷിക്കാം

ആലപ്പുഴ: തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന മകനെ/മകളെ സംരക്ഷിക്കേണ്ടി വരുന്ന (ബി.പി.എൽ കുടുംബങ്ങളിലെ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീകൾ,നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ജീവിച്ചിരുന്നിട്ടും വിവാഹബന്ധം വേർപെടുത്താതെ ഭർത്താവിൽ നിന്നും സഹായം ലഭിക്കാത്ത സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ) തുടങ്ങിയ മാതാവിന്/രക്ഷകർത്താവിന് (സ്ത്രീ ആയിരിക്കണം) എന്നിവർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി ഒറ്റത്തവണയായി 35,000 രൂപ നൽകുന്ന സ്വാശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫാറത്തിനും മറ്റ് വിശദവിവരങ്ങൾക്കും പ്രവൃത്തി ദിവസങ്ങളിൽ ആലപ്പുഴ ജനറൽ ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെടാം. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 30നകം ജില്ല സാമൂഹ്യനീതി ഓഫീസിൽ നൽകണം. .www.sjd.kerala.gov.in എന്ന വെബ്സൈറ്റിലും അപേക്ഷാഫാറം ലഭിക്കും. ഫോൺ: 0477-2253870.

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് വീൽ ബാരോ- (രണ്ടെണ്ണം),ഇ.സി.ജി പേപ്പർ 50 എം.എം 20 മീറ്റർ (1000 റോൾ) വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ജൂലൈ 17 ഉച്ചകഴിഞ്ഞ് മൂന്നിനകം സൂപ്രണ്ട്,

മെഡിക്കൽ കോളജ് ആശുപത്രി, വണ്ടാനം, ആലപ്പുഴ എന്ന വിലാസത്തിൽ ലഭിക്കണം.

# വായനയുടെ വാതായനങ്ങൾ തുറക്കാൻ ഒരു മുത്തശ്ശി

ആലപ്പുഴ: സംസ്ഥാനമൊട്ടാകെ വായനപക്ഷാചരണം വിവിധ പരിപാടികളോടെ ആചരിക്കുമ്പോൾ വായനയിലേക്കുള്ള ജാലകം തുറന്നുകൊടുത്ത് അറിവിന്റെ പൊൻവെളിച്ചം പകർന്ന് വ്യത്യസ്തയായൊരു മുത്തശ്ശി. ചെങ്ങന്നൂർ താലൂക്കിലെ ബുധനൂർ കലാപോഷിണി ഗ്രന്ഥശാലയുടെ ഫീൽഡ് ലൈബ്രേറിയനായി കഴിഞ്ഞ 13 വർഷമായി പ്രവർത്തിക്കുന്ന എഴുപത്തിമൂന്നുകാരിയായ ബുധനൂർ അടിമുറ്റത്തു ശ്രീംരംഗമഠം ഉമാദേവി അന്തർജ്ജനമാണ് തന്റെ പ്രായാധിക്യം പോലും വകവെയ്ക്കാതെ പുസ്തകങ്ങളുമായുള്ള യാത്ര നടത്തുന്നത്. തോളിൽ പുസ്തകം നിറച്ച സഞ്ചിയും തൂക്കി രാവിലെ 9 മണിക്ക് ബുധനൂരിലെ പ്രാന്തപ്രദേശങ്ങളിലൂടെ തുടങ്ങുന്ന യാത്ര തിരികെ വീട്ടിലെത്തുമ്പോൾ സൂര്യൻ മറഞ്ഞിരിക്കും. ഒരോ വീടുകളും കയറിയിറങ്ങുന്ന ഉമാദേവി അന്തർജ്ജനത്തിന്റെ മുഖ്യ ലക്ഷ്യംതന്നെ കൂടുതൽപേരെ വായനയുടെ ലോകത്തിലേക്ക് കൊണ്ടുവരികയാണ്. വായനലോകത്തിനു തന്നെ മാതൃകയായി മാറുകയാണ് ബിരുദധാരിയായ ഈ മുത്തശ്ശി. ബുധനൂർകിഴക്ക്, ബുധനൂർ പടിഞ്ഞാറ്,തയ്യൂർ, എണ്ണയ്ക്കാട്, കടമ്പൂര്,കോടൻചിറ, തോപ്പിൽ ചന്ത എന്നിവിടങ്ങളിലെ കൊച്ചുകുട്ടികൾക്കു മുതൽ പ്രായമായവർക്കുവരെ സുപരിചിതയാണ് പുസ്തകസഞ്ചിയുമായി സഞ്ചരിക്കുന്ന ഉമാദേവി. ഏകദേശം ഇരുന്നൂറിൽപ്പരം അംഗങ്ങൾക്കാണ് വീടുകളിൽ കൊണ്ടുചെന്ന് പുസ്തകങ്ങൾ വിതരണം ചെയ്യുന്നത്. പുതിയ പുതിയ വായനക്കാരെ കണ്ടെത്തുന്നതിൽ ഉമാദേവി ശ്രദ്ധാലുവാണ്. ചെറുകഥകൾ , നോവൽ, കവിതകൾ, നാടകങ്ങൾ, ബാലസാഹിത്യം തുടങ്ങിയ പുസ്കതങ്ങളാണ് വായനക്കാരുടെ അഭിരുചിക്ക് അനുസരിച്ച് നൽകുന്നത്. കൊച്ചു കുട്ടികൾക്ക് പുരാണകഥകളും, ബാലസാഹിത്യ കൃതികളും നൽകി അവരെ വായനയുടെ ലോകത്തിലേക്ക് കൂട്ടികൊണ്ടുപോകുന്നതിൽ വളരെയധികം ശ്രദ്ധിക്കുന്നു.

പ്രായമായ ചിർക്ക് നോവലുകളോടാണ് താൽപര്യം, പുരാണകഥകൾ വായിക്കുന്നവരും കുറവല്ലെന്നാണ് ഉമാദേവി അന്തർജ്ജനത്തിന്റെ അഭിപ്രായം. 1950ൽ സ്ഥാപിതമായ ബുധനൂർ കലാപോഷിണി ഗ്രന്ഥശാലയിൽ ഇപ്പോൾ ഇരുപതിനായിരത്തിൽപ്പരം പുസ്തകങ്ങളുണ്ട്. കഴിഞ്ഞ ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ നിരവധി പുസ്തകങ്ങൾ നഷ്ടപ്പെട്ടു.എങ്കിലും ഇപ്പൊഴും ഇത്രയും പുസ്തകങ്ങൾ കലാപോഷിണിക്ക് സ്വന്തമായിട്ടുണ്ട്. കൊട്ടാരക്കര താഴെ മംഗലത്ത് മഠത്തിൽ പരേതരായ മധുസൂധനൻ കണ്ഡരരുടെ മകളായ ഉമാദേവി കൊട്ടാരക്കര മാർത്തോമ സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സെന്റ് ഗ്രിഗോറിയോസ് കോളജിൽ നിന്നും ബി. എ. ഡിഗ്രി പൂർത്തിയാക്കി. ബുധനൂർ അടിമുറ്റത്തുമഠം ശാരംഗമഠത്തിലെ ജാതവേദഭട്ടതിരിപ്പാടിനെ വിവാഹം ചെയ്തു. മക്കൾ രാജേഷ്ഭട്ടതിരിയും രഞ്ജിനി ദേവിയുമാണ്. ഭർത്താവിന്റെ മരണത്തോടെ ഇനി എന്തുചെയ്യുമെന്ന ചോദ്യത്തിനു മുന്നിൽ പകച്ചു നിന്ന തനിക്ക് ബുധനൂർ ഗ്രാമ പഞ്ചായത്തു പ്രസിഡന്റും, ലൈബ്രറി കൗൺസിൽ സംസസ്ഥാന എക്സിക്യൂട്ടീവ് അംഗവുമായ അഡ്വ. പി വിശ്വംഭരപണിക്കരാണ് വായനശാലയിൽ ഫീൽഡ് ലൈബ്രേറിയനായി നിയമനം നൽകിയത്. അന്നുമുതൽ വളരെ കൃത്യതയോടെ കാര്യങ്ങൾ ചെയ്യാൻ

കഴിയുന്നതായി അന്തർജ്ജനം അനുസ്മരിക്കുന്നു. ആദ്യം തുച്ഛവേതനത്തിൽ അഞ്ച് വർഷത്തേക്കാണ് നിയമിച്ചത്. പിന്നീട് ജോലിയുടെ ആത്മാർത്ഥതയിലും , സത്യസന്ധതയും ബോധ്യപ്പെട്ടതിനാൽ വീണ്ടും നീട്ടികൊടുക്കാൻ ഭരണസമിതി തയ്യാറായി. ബുധനൂരിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇത്രയും വാനക്കാരെ കണ്ടെത്താൻ ഉമാദേവി അന്തർജ്ജനത്തിന് കഴിഞ്ഞത് ഗ്രന്ഥശാലക്ക് തന്നെ മുതൽകൂട്ടാണെന്നു ഗ്രന്ഥശാല ഭാരവാഹികൾ അഭിപ്രായപ്പെട്ടു.സ്ക്കൂളിൽ പോകുവാൻ കഴിയാതെ അക്ഷരങ്ങളെന്തെന്ന് അറിയാൻ കഴിയാത്തവരെ സാക്ഷരതയുടെ ലോകത്തേക്ക് എത്തുക്കുവാൻ കഴിഞ്ഞത് ഏറെ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. മുൻപ് ട്യൂഷൻ എടുത്തിരുന്നതിനാൽ ബുധനൂരിലെ നിരവധി ശിക്ഷ്യ സമ്പത്തിനുടമയാണ് ഉമാദേവി അന്തർജ്ജനം. അക്ഷരം അറിവാണ്, അതു മറ്റുള്ളവരിലേക്ക് പുസ്തക രൂപത്തിൽ എത്തിക്കുവാൻ കഴിയുന്നത് മഹാഭാഗ്യമായിട്ടാണ് കരുതുന്നതെന്നു വായനയുടെ മുത്തശി അഭിപ്രായപ്പെടുന്നു.

**(ചിത്രമുണ്ട്)**

# പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം: ജില്ലയിലെ സ്ക്കൂളുകളിൽ 110 കോടിയുടെ വികസനപ്രവർത്തനങ്ങൾ

ആലപ്പുഴ : പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ സ്ക്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 110 കോടിയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബി പദ്ധതി പ്രകാരം അഞ്ചു കോടിയും ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ടും കൂട്ടിചേർത്താണ് വികസനപ്രവർത്തനങ്ങൾ നടക്കുന്നത്. ഇതു മൂലം ജില്ലയിലെ ഒൻപത് സ്ക്കൂളുകളാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നത്. ജി എച്ച് എസ് എസ് ചന്ദിരൂർ, ജി എച്ച് എസ് എസ് കലവൂർ, ജി. എച്ച് എസ് എസ് കിടങ്ങറ, ജി എം എച്ച് എസ് എസ് അമ്പലപ്പുഴ, ജി എച്ച് എസ് എസ് ഹരിപ്പാട്, ജി ബി എച്ച് എസ് എസ് കായംകുളം, ജി ജി എച്ച് എസ് എസ് മാവേലിക്കര, ജി വി എച്ച് എസ് എസ് മുളക്കുഴ , ജിഎച്ച് എസ് എസ് ചേർത്തല എന്നീ വിദ്യാലയങ്ങളിലെ പണി പുരോഗമിക്കുന്നു.
ഡിസംബർ-ജനുവരി മാസത്തോടെ പണികൾ പൂർത്തിയാകും. ഇതോടു കൂടി ജില്ലയിലെ പൊതു വിദ്യാലയങ്ങളുടെ മുഖഛായ മാറും. ജില്ലയിൽ 2736 ഹൈടക് ക്ലാസ് മുറികളുണ്ടാകും. എല്ലാ പ്രൈമറി സ്ക്കൂളുകളിലും ഓരോ ഹൈടെക് ലാബ് സജ്ജീകരിക്കും. വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനായി ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ളയുടെ പ്രത്യേക പാക്കേജ് ആയി തീരദേശത്തെ 250 കുട്ടികൾക്ക് മേന്മയുള്ള 200 സ്കൂൾ ബാഗുകൾ, അത്യാവശ്യമുള്ളിടത്ത് സ്ക്കൂൾ ഭക്ഷണശാല നവീകരിക്കുന്നതിനു പ്രത്യേക ഫണ്ട് എന്നിവയ്ക്കുള്ള നടപടികൾ ആരംഭിച്ചു. ഇതു കൂടാതെ പ്രഭാത ഭക്ഷണത്തിനു ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ക്കൂളുകളെ സഹായിക്കാനായി പദ്ധതി ആരംഭിക്കും. ശോചനീയമായ സ്ക്കൂൾ ടോയ്‌ലറ്റുകൾ നവീകരിക്കുന്നതിനു പ്രത്യേക പാക്കേജ്, ആലപ്പുഴ സബ് കളക്ടർ കൃഷ്ണതേജ നടപ്പാക്കി വരുന്ന ഐ ആം ഫോർ ആലപ്പി സ്ക്കീമിൽ ഉൾപ്പെടുത്തി ഒരു ലാപ്ടോപ്പു പോലുമില്ലാത്ത സ്ക്കൂളുകൾക്ക് ഒരോ ലാപ്ടോപ്പ് നൽകുന്ന പരിപാടി എന്നിവ നടപ്പാക്കിവരുന്നു. ജില്ലാ പഞ്ചായത്തിന്റെ 47 സ്ക്കൂളുകൾക്കും ഓരേ നിറം നൽകുന്ന പദ്ധതിക്ക് 98 ലക്ഷം രൂപ അനുവദിച്ചതായി പൊതു വിദ്യാഭ്യാസ

സംരക്ഷണയജ്ഞം ജില്ലാ കോ- ഓർഡിനേറ്റർ   എ കെ പ്രസന്നൻ അറിയിച്ചു.

# വിദ്യാലയ വികസന സെമിനാർ

ആലപ്പുഴ:   പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ നിശ്ചിത എണ്ണത്തിൽ കുറവു കുട്ടികളുള്ള വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്കൂളുകളിലെ പ്രഥമാധ്യാപകർക്കായി   11ന് വ്യാഴാഴ്ച രാവിലെ 10   മുതൽ   വിദ്യാലയ വികസന സെമിനാർ ആലപ്പുഴ ദേശീയ സമ്പാദ്യ ഭവൻ ഹാളിൽ സംഘടിപ്പിക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ സെമിനാർ ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസ സ്ററാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. കെ. റ്റി. മാത്യൂ അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ വിദഗ്ദ്ധൻ ഡോ. സി. രാമകൃഷ്ണൻ സ്കൂൾ വികസനം എങ്ങനെ സാധ്യമാകും എന്ന വിഷയത്തെ അധികരിച്ച് സംസാരിക്കും. ജില്ലയിലെ 50 താഴെ കുട്ടികളുള്ള   . സ്കൂളുകളിലെ മുഴുവൻ പ്രഥമാധ്യാപകരും പങ്കെടുക്കണമെന്നു   . പൊതു വിദ്യാഭ്യാസ യജ്ഞം   ജില്ലാ   കോ-ഓർഡിനേറ്റർ അറിയിച്ചു.